

# വർത്തമാനപ്പുസ്തകം
## ബഹുമാനങ്ങൾ

ജോസ് ജോർജ്

SPCS

CULTURAL STUDY
MALAYALAM

# VARTHAMANA PUSTHAKAM

**BAHUMANANGAL**

**BY**

**JOSE GEORGE**

First Published March 2024

© Jose George

Cover Design

**Salimon P. N.**

Publishers
**SAHITHYA PRAVARTHAKA CO-OPERATIVE SOCIETY LTD.**
Kottayam, Kerala State, India
spcsktm@gmail.com
www.spcsindia.com

Typeset in **Karoor Font**
Heading in **M.P. Paul Font**

Printed at
**M. P. Paul Smaraka**
**Offset Printing Press (SPCS), Kottayam**

Sales Department
**NATIONAL BOOK STALL**
Thiruvananthapuram, Kollam, Alappuzha, Thiruvalla, Kottayam, Thodupuzha, Ernakulam (Marine Drive), Thrissur, Kalady, Palakkadu, Kozhikkodu, Kalpatta, Kannur

**Price Rs. 550.00**

No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher.

ISBN 978-81-19911-19-6

9780000032667

S 11040 - B 6681 - 177 /23 -24 - 1 - 500

ഗ്രന്ഥസൂചി ........ 337

**പഠനങ്ങൾ**

**1. സാഹിത്യചരിത്രം കെട്ടഴിക്കലും മെടഞ്ഞെടുക്കലും**

**ഡോ. കെ. എം. അനിൽ** ........ 363

**2. വർത്തമാനപ്പുസ്തകം: ജാലകക്കാഴ്ചകൾ**

**ഡോ. പി. ആന്റണി** ........ 374

**അനുബന്ധം 1**

**അനുബന്ധം 2**

# പഠനം

# സാഹിത്യചരിത്രം
# കെട്ടഴിക്കലും മെടഞ്ഞെടുക്കലും

ഡോ. കെ. എം. അനിൽ

## ഒന്ന്

ബിരുദാനന്തരബിരുദത്തിന് മലയാളം പഠിച്ചിരുന്ന ഞങ്ങൾ അക്കാലത്ത് ധരിച്ചിരുന്നത് ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളും വർത്തമാനപ്പുസ്തകവുമെല്ലാം മലയാളഗദ്യത്തിന്റെ വികാസപരിണാമങ്ങൾ പഠിക്കാനായി നീക്കിവെക്കപ്പെട്ട ചില രചനകളാണ് എന്നാണ്. കാരണം, അതിനപ്പുറമുള്ള ഒരു ചോദ്യവും ഇപ്പറഞ്ഞ പാഠങ്ങളിൽനിന്ന് ചോദിക്കില്ല. കേരളത്തിലെ ക്രിസ്തീയജീവിതത്തെക്കുറിച്ചോ അതിനകത്തെ സംഘർഷങ്ങളെക്കുറിച്ചോ ഞങ്ങളുടെ ക്ലാസ്സുകളിൽ സജീവമായ ചർച്ച നടന്നിരുന്നതായി ഓർമ്മയേയില്ല. പാറേമ്മാക്കൽ തോമ്മാക്കത്തനാർ റോമിലേക്കു പോയതെന്തിനാണെന്നു പോലും ഞങ്ങളാരും ഗൗരവത്തിൽ അന്വേഷിച്ചിരുന്നില്ല. വർത്തമാനപ്പുസ്തകത്തിലെ വാക്യഘടനയും പ്രത്യേക പദങ്ങളും സ്വര-വ്യഞ്ജന വികാരങ്ങളും വർണ്ണലോപവുമൊക്കെ പഠിച്ച് 'കൊണ്ടു കാര്യം ഫലിച്ചുപോം' എന്ന മട്ടിലായിരുന്നു പഠനം. ഗുണ്ടർട്ടിനെക്കുറിച്ചുള്ള ചർച്ചയിലും അദ്ദേഹത്തിന്റെ ഭാഷാപരമായ സംഭാവനകളെമാത്രമേ മാനിക്കാറുള്ളൂ. സാഹിത്യം പഠിപ്പിക്കുന്ന ക്ലാസ്സിൽ മിഷനറിസാഹിത്യത്തിന് എന്തു പ്രസക്തി എന്ന ചോദ്യം സ്വാഭാവികമെന്നവണ്ണം സ്വീകരി ക്കപ്പെട്ടു. യഥാർത്ഥത്തിൽ ഗുണ്ടർട്ടിന്റെ 'നളചരിതസാരശോധന' പോലുള്ള കൃതികളിൽ ആധുനികം എന്നു വിശേഷിപ്പിക്കാവുന്ന സാഹിത്യഭാവുകത്വത്തിന്റെ സ്ഫുരണങ്ങൾ കാണാം. പക്ഷേ, അദ്ദേഹത്തിന്റെ വാദഗതികളെ രൂപപ്പെടുത്തുന്നത് ബൈബിളിലെ ലോകവീക്ഷണമാണ്. അതുകൊണ്ടുതന്നെ സാമാന്യമായി ജാതിപ്രത്യയശാസ്ത്രത്തിന്റെ ഉറപ്പുള്ള മേൽക്കൂരയ്ക്കു കീഴിൽ പുലർന്നുവന്ന സാഹിത്യപഠനത്തിന് 'നളചരിതസാരശോധന' ഒരു മതദൂഷണഗ്രന്ഥം മാത്രമായിരുന്നു.

നെരിപ്പോടുപോലെ നീറുന്ന മനസ്സുമായാണ് പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ റോമിലേക്കുള്ള യാത്ര. അപമാനിക്കപ്പെട്ട ഒരു ജനതയുടെ പ്രതിനിധിയായാണ് അദ്ദേഹം മാർപാപ്പായെ കാണാൻ പോയത്. ഏതൊരു സമൂഹത്തിലുമെന്നപോലെ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും നിറഞ്ഞതാണ് കേരളത്തിലെ ക്രിസ്ത്യൻ സമൂഹവുമെന്ന് ഓർമ്മിപ്പിക്കുന്നതാണ് കത്തനാരുടെ കഥ. പ്രസ്തുത ജനതയുടെ അനന്യമായ ചരിത്രവുംകൂടി ചേരുമ്പോഴേ കേരളത്തിന്റെ ചരിത്രം പൂർണ്ണമാകൂ. 'നാനാത്വത്തിൽ ഏകത്വം' എന്ന ആദർശ

ത്തിലാണ് നമ്മുടെ ദേശീയത പുലരുന്നത്. എന്നാൽ, നാനാത്വത്തെ തിരസ്കരിക്കുകയും ഏകത്വത്തെ അടിച്ചേല്പിക്കുകയും ചെയ്തുകൊണ്ടാണ് പലപ്പോഴുംദേശീയത സ്വയം സ്ഥാപിച്ചിട്ടുള്ളത്. വൈവിദ്ധ്യങ്ങളെയും വൈജാത്യങ്ങളെയും ഉൾക്കൊള്ളാനല്ല, അവയെ കണ്ടില്ലെന്നു നടിക്കാനോ തമസ്കരിക്കാനോ ആണ് പലപ്പോഴും കൊണ്ടുപിടിച്ച ശ്രമം. ഏകത്വം എന്നത് ഒരു കല്പിത ഭൂതകാലത്തിന്റെ തുടർച്ചയായാണ് വിഭാവനം ചെയ്യപ്പെട്ടത്. ഈ കല്പിത ഭൂതകാലം ജാതിപ്രത്യയശാസ്ത്രത്തിന്റെ മയപ്പെടുത്തിയ രൂപം മാത്രമായിരുന്നു. അതകൊണ്ടുതന്നെ നിരവധി ശ്രേണീകൃത അരങ്ങൾ നില നിൽക്കുന്ന ഒന്നിനെയാണ് നാം ദേശീയസംസ്കൃതിയായി മനസ്സിലാക്കിയിരുന്നത്. ബ്രാഹ്മണ്യത്തിന് മേൽക്കൈയുള്ളതുതന്നെയാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ദേശീയത എന്ന വിമർശനം അംബേദ്കറും പെരിയാറും മറ്റു പല ധൈഷണികരും അതിന്റെ ആദ്യഘട്ടം മുതൽ ഉന്നയിച്ചിട്ടുണ്ട്. ഈ ദേശീയസംസ്കൃതിക്കകത്താണ് സാഹിത്യചരിത്രവും സാഹിത്യബോധവും നിറവേറ്റപ്പെട്ടത്. അതുകൊണ്ടാണ് തോമ്മാക്കത്തോരുടെ യാത്രാവിവരണത്തെ ഒരു സാഹിത്യകൃതി എന്ന നിലയ്ക്ക് ഞങ്ങൾ പരിചയപ്പെടാതിരുന്നത്. ഈ കൃതിയേക്കാൾ എത്രയോ നിലവാരം കുറഞ്ഞ സന്ദേശകാവ്യങ്ങളെ (അവയും ഒരുതരത്തിൽ യാത്രാവിവരണങ്ങളാണല്ലോ) സാഹിത്യചരിത്രത്തിലെ ഒരു പ്രമുഖ ശാഖയായി പരിഗണിച്ചിരുന്നു.

സന്ദേശകാവ്യങ്ങൾ അനന്യമായ ഒരു കർത്തൃത്വത്തിന്റെ സാന്നിദ്ധ്യം സാക്ഷാത്കരിച്ചിരുന്നില്ല. സാമൂഹികഘടനയിൽ ഒരാൾക്കായി നിശ്ചയിക്കപ്പെട്ട സ്ഥാനവും, അയാൾ സാക്ഷാത്കരിക്കാൻ ആഗ്രഹിക്കുന്ന സ്വത്വവും തമ്മിലുള്ള സംഘർഷത്തിന്റെ ഇടമാണ് കർത്തൃത്വം. അത്തരത്തിലുള്ള ഒരു സംഘർഷവും സന്ദേശകാവ്യങ്ങളുടെ കർത്താക്കൾ അനുഭവിച്ചിരുന്നതായി ആ കാവ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നില്ല. എന്നാൽ വർത്തമാനപ്പുസ്തകത്തിലെ യാത്രികൻ സ്വം/പരം ദ്വന്ദ്വത്തിന്റെ സംഘർഷം തീവ്രമായി അനുഭവിക്കുന്നുണ്ട്. യാത്രയിൽ അദ്ദേഹത്തിന്റെ കാഴ്ചകളെയും അനുഭവങ്ങളെയും നിർണ്ണയിക്കുന്നത് ഈ കർത്തൃപദവിതന്നെയാണ്. ആയതിനാൽ സമകാല സാഹിത്യസങ്കല്പനങ്ങളുമായി ചേർന്നുനിൽക്കുന്നതാണ് വർത്തമാനപ്പുസ്തകത്തിലെ യാത്രികന്റെ കർത്തൃപദവി. ഡോ. ജോസ് ജോർജ് ഈ കൃതി യിൽ ഇക്കാര്യം സമർ ത്ഥി ക്കുകയാണ്.

## രണ്ട്

സാഹിത്യചരിത്രവിജ്ഞാനീയം ഇന്ന് മൗലികമായ വിമർശപദ്ധതിയായി വികസിച്ചിരിക്കുന്നു. സാഹിത്യചരിത്രം 'വസ്തുനിഷ്ഠമായ' ചരിത്രവിവരണമല്ലെന്നും, അത് ഒരുതരത്തിലുള്ള കഥപറച്ചിലാണെന്നും മനസ്സിലാക്കിയ പശ്ചാത്തലത്തിലാണ് സാഹിത്യചരിത്രവിജ്ഞാനീയം ഒരു വിമർശപദ്ധതിയായി ഉയർന്നുവന്നത്. ആഖ്യാനത്തിൽ ആഖ്യാതാവിന്റെ പക്ഷപാതിത്വവും പ്രത്യയശാസ്ത്രങ്ങളുടെസ്വാധീനവും നിർണ്ണായകമാണ്. ആഖ്യാനം

എല്ലായ്പ്പോഴും കർത്തൃത്വ ങ്ങളെ സൃഷ്ടിക്കും. അധികാരവിമുക്തമായ ഒന്നല്ല ആഖ്യാനം. ആയതിനാൽ സാഹിത്യചരിത്രത്തിലെ ഉൾക്കൊള്ളലും പുറന്തള്ളലും കേവലമായി സംഭവിക്കുന്നതല്ല. അതിൽ പ്രതിഷ്ഠാപനത്തിന്റെ നിരവധിയായ വ്യവഹാരങ്ങൾ ഇടപെടുന്നുണ്ട്. ചില എഴുത്തുകാർ, പ്രവണതകൾ, പാഠങ്ങൾഎന്നിവ പുരസ്കരണത്തിനും ചിലവ തിരസ്കരണത്തിനും വിധേയമാകുന്നു. സാമുദായികത, ജാതീയത, ആൺകോയ്മ എന്നിവയെല്ലാം സാഹിത്യചരിത്രത്തിന്റെ ആഖ്യാനത്തിൽ ഇടനിലതീർക്കുന്നുണ്ട്.

നവചരിത്രവാദത്തിന്റെയും പുതിയ ആഖ്യാനവിജ്ഞാനീയത്തിന്റെയും സന്ദർഭത്തിലാണ് സാഹിത്യചരിത്രവിജ്ഞാനീയം ഒരു പഠനവിഷയമായി കടന്നുവരുന്നത്. സാഹിത്യത്തെ അനന്യമായ പാഠങ്ങളായും പ്രവണകളായും കാണുന്ന സമ്പ്രദായത്തെ നവചരിത്രവാദംകടന്നാക്രമിച്ചു. സാഹിത്യപാഠങ്ങളെ സാമൂഹികമായ സമഗ്രതയിൽ പരിശോധിക്കണമെന്ന കാഴ്ചപ്പാടാണ് നവചരിത്രവാദം സ്വീകരിച്ചത്. ഘടനാവാദം മുതൽ അപനിർമ്മാണം വരെയുള്ള ചിന്താപദ്ധതികൾ പാഠത്തിന്റെ 'ക്വാറന്റൈൻ' ദവിയെ തകർത്തു. പാഠത്തെ അതിന്റെ ചരിത്രബന്ധങ്ങളിൽനിന്ന് വിമുക്തമാക്കി ക്കൊണ്ട് നിർവ്വഹിക്കപ്പെട്ട അരാഷ്ട്രീയമായ വിശകലനങ്ങളും, പാഠത്തെ സന്ദർഭവുമായി ബന്ധിപ്പിച്ചുകൊണ്ടു നടത്തിയ വിശകലനങ്ങളും ഇക്കൂട്ടത്തിൽപ്പെടും. ഇതിൽ പാഠത്തെ അതിന്റെ സന്ദർഭത്തിലേക്കു പുനരാനയിക്കുമ്പോൾ ത്തന്നെ, പാഠവും സന്ദർഭവും തമ്മിലുള്ള പ്രതിഫലനാത്മക ബന്ധത്തെ നിഷേധിച്ചവരാണ് നവചരിത്രവാദികൾ. ആഖ്യാനങ്ങൾക്ക് സത്യത്തെ നിർമ്മിക്കുന്നതിൽ പങ്കുണ്ടെന്ന കാഴ്ചപ്പാടും ഈ ഘട്ടത്തിൽ ഉയർന്നുവന്നതാണ്. പ്രത്യക്ഷവാദയുക്തിയെ നിരാകരിക്കുന്ന ഈ കാഴ്ചപ്പാടും സാഹിത്യചരിത്രവിജ്ഞാനീയത്തിൽ നിർണ്ണായകമായി. 'ആധുനികയഥാതഥ വാദ' ത്തിന്റെ പരിമിതികളെ 'ഉത്തരാധുനിക യഥാതഥവാദം' ഉല്ലംഘിക്കുമ്പോൾ ത്തന്നെ, പാഠവും സന്ദർഭവും തമ്മിലുള്ള ബന്ധത്തെ അവർ കൈയൊഴിഞ്ഞില്ല. ഭാഷാകേന്ദ്രിതത്വത്തെക്കുറിച്ചുള്ള ഉത്തരാധുനിക വിമർശത്തെ അവർ സ്വീകരിക്കുന്നു. യാഥാർത്ഥ്യത്തെ ഭാഷയിൽ പ്രതിനിധീ കരിക്കാൻ നടത്തുന്നശ്രമം എല്ലായ്പ്പോഴും പരാജയപ്പെടുന്നുവെന്ന് അവർ വിശ്വസിക്കുന്നു യാഥാർത്ഥ്യത്തിന്റെ ചില അംശങ്ങൾ ഭാഷയിൽ പ്രതിനിധീകരിക്കപ്പെടുമ്പോൾ ഏറെ അംശങ്ങൾ തമസ്കരിക്കപ്പെടുന്നുണ്ട്. ആയതിനാൽ ചരിത്രപഠനത്തിൽ പാഠങ്ങളുടെ അബോധം നിർണ്ണായകമാകുന്നു. ഇതാണ് സാഹിത്യചരിത്രത്തിന്റെ ആഖ്യാനത്തിലും പ്രധാനം. യാഥാർത്ഥ്യത്തിന്റെ അപരമാണ് പാഠത്തിന്റെ ഈ അബോധം. ചരിത്രം വസ്തുതകളെ മാത്രമല്ല ആഖ്യാനത്തെയും ആശ്രയിച്ചിരിക്കുന്നു എന്ന തിരിച്ചറിവാണ് സാഹിത്യചരിത്രവിജ്ഞാനീയം എന്ന മേഖലയെ സാദ്ധ്യമാക്കിയത്. സാമൂഹികമായി നിർമ്മിക്കപ്പെടുന്ന യാഥാർത്ഥ്യവും ആഖ്യാനപരമായി നിർമ്മിക്കപ്പെടുന്ന പ്രതിനിധാനവും പരസ്പരം പൂരിപ്പിക്കുന്ന വിചാരമാതൃകകളായി പ്രവർത്തിക്കുന്നുവെന്നതാണ് സാഹിത്യചരിത്രവിജ്ഞാനീയത്തെ പ്രചലിതമാക്കുന്ന

പരികല്പന. യാഥാർത്ഥ്യം എന്ന സങ്കല്പനം നേരിടുന്ന വെല്ലുവളിയും ഭാഷയുടെ അധ്യാരോപണസ്വഭാവത്തെക്കുറിച്ചുള്ള തിരിച്ചറിവും ചേരുമ്പോഴാണ് സാഹിത്യചരിത്രങ്ങളെ വിമർശാത്മകമായി പഠിക്കേണ്ടതിന്റെ ആവശ്യം ബോദ്ധ്യപ്പെടുന്നത്. സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ പുതിയ പശ്ചാത്തലത്തിലാണ് വർത്തമാനപ്പുസ്തകംപോലുള്ള കൃതികളിലേക്ക് നാം പുനഃസന്ദർശനം നടത്തുന്നത്.

## മൂന്ന്

കേരളത്തിന്റെ പൊതുചരിത്രത്തിൽനിന്ന് മാറ്റിനിർത്താൻ കഴിയുന്നതല്ല ക്രിസ്ത്യൻ സമൂഹത്തിന്റെ ചരിത്രം. ഇക്കാര്യം ഏറ്റവും സൂക്ഷ്മമായി പ്രതിപാദിച്ചതാണ്, ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾക്ക് സ്കറിയ സക്കറിയ തയ്യാറാക്കിയ ആമുഖപഠനം. അതിലെ പ്രധാന ആശയം ഇങ്ങനെ സംഗ്രഹിക്കാം: ക്രിസ്തുമതം കേരളത്തിലേക്കു കടന്നുവരുന്ന കാലത്ത് സംഘകാല കൃതികളിലും മറ്റും കാണുന്ന ഒരു സമൂഹമാണ് ഇവിടെയുണ്ടായിരുന്നത്. വർണ്ണാശ്രമത്തിലടിയുറച്ച ഒരു ജാതിവ്യവസ്ഥ ഇവിടെ ശക്തിപ്പെട്ടു കഴിഞ്ഞിരുന്നില്ല. ബുദ്ധമതത്തിനാണ് അന്ന് സമൂഹത്തിൽ കൂടുതൽ സ്വാധീനമുണ്ടായിരുന്നത്. ആയതിനാൽ ക്രിസ്തുമതത്തിലേക്ക് ആദ്യകാലത്തു കടന്നുവന്ന തദ്ദേശീയർ ബുദ്ധമതക്കാരായിരുന്നു എന്നൂഹിക്കാം. ബുദ്ധമതത്തിന്റെ സങ്കല്പനങ്ങളെ ഓർമ്മിപ്പിക്കുന്ന പല പദങ്ങളും ക്രിസ്തുമതവുമായി ചേർന്ന് ഇപ്പോഴും നിലനിൽക്കുന്നത് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എട്ടാം നൂറ്റാണ്ടാകുമ്പോഴേക്കും ക്രിസ്ത്യൻ സമൂഹം കേരളത്തിലെ പ്രബല ശക്തിയായി മാറി. ഇക്കാലമായപ്പോഴേക്കും കേരളീയസമൂഹം ജാതി-ജന്മി-നാടുവാഴി സമൂഹമായി പരിവർത്തിപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ബ്രാഹ്മണ്യം ഒരു പ്രത്യയശാസ്ത്രരൂപമെന്ന നിലയ്ക്കും അധികാരശക്തി എന്ന നിലയ്ക്കും അതിന്റെ ആധിപത്യമുറപ്പിച്ചു. അഭിജാതർ എന്നു കല്പിക്കപ്പെട്ട ബ്രാഹ്മണരുമായി അടുത്തുനിൽക്കാൻ ക്രിസ്ത്യാനികൾക്കിടയിലെ പ്രബലവിഭാഗവും ശ്രമിച്ചിരിക്കണം.

ചുരുക്കത്തിൽ, ജാതിശ്രേണീകരണം കേരളത്തിലെ ക്രിസ്ത്യാനികളിലേക്കും കടന്നുവന്നു. ആയതിനാൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ഗുണ്ടർട്ടിനെപ്പോലുള്ളവർ ജാതിസമൂഹത്തെക്കുറിച്ച് ഉയർത്തിയ വിമർശനം, അന്ന് കേരളത്തിലുണ്ടായിരുന്ന ക്രിസ്ത്യൻ സമൂഹത്തെയും പരോക്ഷമായി ലക്ഷ്യമിട്ടിരുന്നു എന്നർത്ഥം. ഘാതകവധംതന്നെ ഇതിന് ദൃഷ്ടാന്തമാണല്ലോ. യൂറോപ്പിലെ കാത്തലിക്-പ്രൊട്ടസ്റ്റന്റ് തർക്കത്തിൽനിന്ന് തീർത്തും വ്യത്യസ്തമായിരുന്നു ഇവിടെയുണ്ടായിരുന്ന സാഹചര്യം.

ക്നായിത്തൊമ്മന്റെ വരവുമായി ബന്ധപ്പെട്ട് കേരളീയ ക്രിസ്ത്യൻ സമൂഹത്തിലുണ്ടായ പിളർപ്പ് ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. ക്നായിത്തൊമ്മൻ ഒരു പേർഷ്യൻ വ്യാപാരിയായിരുന്നു. ക്രിസ്ത്യാനികൾക്ക് ഏറ്റവും ശക്തിയുണ്ടായിരുന്ന രണ്ടു കച്ചവടകേന്ദ്രങ്ങളായിരുന്നു കൊടുങ്ങല്ലൂരും

കൊല്ലവും. തരിസാപ്പള്ളി ശാസനവും മറ്റും ക്രിസ്ത്യൻസമൂഹത്തിന് കേരളത്തിന്റെ ഭരണവ്യവസ്ഥയിലുണ്ടായിരുന്ന സ്വാധീനത്തിനു തെളിവാണ്. പേർഷ്യയിൽനിന്നുവന്ന കുടിയേറ്റക്കാരായ കച്ചവടക്കാർ ക്രിസ്ത്യാനികളുടെ വ്യാപാരജീവിതത്തിലും ആത്മീയജീവിതത്തിലും വലിയ സ്വാധീനംചെലുത്തി. എന്നാൽ പേർഷ്യൻ കുടിയേറ്റക്കാർക്കു മാത്രമല്ല, കേരളത്തിലെ എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും നിരവധി ആനുകൂല്യങ്ങൾ ലഭിച്ചതിന്റെ തെളിവാണ് തരിസാപ്പള്ളി ശാസനം.

കൊടുങ്ങല്ലൂരിൽ വസിച്ചിരുന്ന ക്രിസ്ത്യാനികൾക്കു ലഭിച്ച പദവിയുടെ ദൃഷ്ടാന്തമാണ് വീരരാഘവപട്ടയം. പേർഷ്യയിൽനിന്നു മാത്രമല്ല മൈലാപ്പൂരിൽ നിന്നും കുടിയേറിപ്പാർത്ത ക്രിസ്ത്യൻ സമൂഹങ്ങൾ കേരളീയസമൂഹത്തിൽ ലയിച്ചു ചേർന്നിട്ടുണ്ട്. കച്ചവടകാര്യത്തിലുണ്ടായ തർക്കങ്ങൾ മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമ്മിൽ തർക്കമുണ്ടായവാൻ കാരണമായിട്ടുണ്ട്. ഈ തർക്കങ്ങളിൽ യഹൂദരും ക്രിസ്ത്യാനികളും ഐക്യപ്പെട്ടതും ശ്രദ്ധേയമാണ്. ഈ തർക്കത്തിന്റെ ഫലമായാകണം ക്രിസ്ത്യാനികൾ ഉൾനാടുകളിലേക്ക് ആവാസം മാറ്റിയതും, കൃഷിയിലും മറ്റും ശ്രദ്ധിക്കാൻ തുടങ്ങിയതും. മാത്രമല്ല, സംഘർഷാത്മകമായ സാമൂഹികജീവിതം അവരെ ആയോധനകലയിലേക്ക് ആകർഷിച്ചതായും മനസ്സിലാക്കാം. വില്ലാർവട്ടം എന്ന ഒരു രാജവംശം പോലും ക്രിസ്ത്യാനികളുടേതായുണ്ടായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു (സ്കറിയ സക്കറിയ (എഡി.), 1994, ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം).

സ്കറിയ സക്കറിയയുടെ ഈ നിരീക്ഷണങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു. ഏതൊരു സമൂഹത്തിന്റെയും കാര്യത്തിലെന്നപോലെ ആന്തരസംഘർഷങ്ങളും വൈരുധ്യങ്ങളും പരിവർത്തനങ്ങളും സംഭവിക്കുന്ന ഒന്നാണ് കേരളത്തിലെ ക്രിസ്തീയസമൂഹം. മതവിശ്വാസം മാത്രമല്ല ആ സമൂഹത്തിന്റെ ചലനാത്മകതയ്ക്കു കാരണം. സാമ്പത്തികം, രാഷ്ട്രീയം, സാമൂഹികം എന്നിങ്ങനെ നിരവധി വൈരുദ്ധ്യങ്ങൾ ആ സമൂഹത്തിന്റെ മാറ്റത്തിന് കാരണമാകുന്നുണ്ട്. അതാകട്ടെ, ഇതരസമൂഹങ്ങളോട് നിരന്തരം വിനിമയത്തിൽ ഏർപ്പെടുന്നതുകൊണ്ടാണെന്ന് കണ്ടെത്താൻ പ്രയാസമില്ല. കേരളത്തിലെ ജാതിവ്യവസ്ഥയും നാടുവാഴിത്തവും സാമ്പത്തിക വിനിമയങ്ങളും ക്രിസ്ത്യൻ സമൂഹത്തിന്റെ സ്വരൂപത്തെ അതതു കാലത്ത് നിർണ്ണയിച്ചിട്ടുണ്ട്. ഇങ്ങനെയായിരിക്കെ, കേരളീയക്രിസ്ത്യാനികളെ മതത്തിന്റെ അടിസ്ഥാനത്തിലുള്ള ഏകശിലാത്മകമായ ഒരു അപരസമൂഹമായി പരിഗണിക്കുന്നതിന്റെ യുക്തി ചോദ്യംചെയ്യപ്പെടണം. മലയാളത്തിലെ സാഹിത്യചരിത്രങ്ങൾ സാമാന്യമായി ഈ സാമുദായികയുക്തിയാണ് പങ്കുവെച്ചിട്ടുള്ളത്. അതാണ് നവചരിത്രവാദത്തിന്റെ പശ്ചാത്തലത്തിൽ വിമർശിക്കപ്പെടുന്ന വിഷയം.

പോർട്ടുഗീസുകാർ വരുന്നതിനു മുമ്പ് കേരളസഭയുടെ പഴയ മെത്രാന്മാർ ബാബിലോണിയയിൽനിന്നു വന്നവരും ഭൗതികകാര്യങ്ങളിൽ ഇടപെടാത്തവ

രുമായിരുന്നു. ഭൗതികകാര്യങ്ങൾ അർക്കദ്യാക്കോനോ എണങ്ങരോ ആണ് തീരുമാനിച്ചിരുന്നത്. എന്നാൽ പോർട്ടുഗീസുകാരുടെ ആഗമനം മെത്രാന്മാരെ ഭൗതികകാര്യങ്ങളിലേക്ക് വലിച്ചിഴച്ചു. അതുണ്ടാക്കിയ സംഘർഷങ്ങൾ ചെറുതായിരുന്നില്ല. കേരളത്തിലെ ക്രിസ്ത്യാനികൾ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്നെങ്കിലും കേരളീയമായ ആചാരങ്ങൾ പലതും സൂക്ഷിക്കുന്നതിന് അവർക്ക് തടസ്സമുണ്ടായിരുന്നില്ല. എന്നാൽ പോർട്ടുഗീസുകാർ ഇതിനെയെല്ലാം ചോദ്യംചെയ്തു. അവരുടെ ആഗമനത്തോടെ പദവികൾ നഷ്ടപ്പെട്ട അർക്കദ്യാക്കോനും മെത്രാന്മാരും തമ്മിലുള്ള തർക്കമാണ് കൂനൻകുരിശു സത്യത്തിലേക്കും മറ്റും നയിച്ചത്.

നെസ്തോറിയൻ വിശ്വാസികളായ ഒരു സമൂഹത്തെ ഒറ്റയടിക്ക് റോമൻ സഭയിലേക്കെത്തിച്ച മഹത്തായ സംഭവമായാണ് ഉദയംപേരൂർ സൂനഹദോസ് പാശ്ചാത്യനാടുകളിൽ അറിയപ്പെട്ടത്. യഥാർത്ഥത്തിൽ കേരളസഭ പലതരം വിശ്വാസികളുടെ ഒരു കൂട്ടായ്മയായിരുന്നു. സഭകളെ തമ്മിൽ വേർതിരിച്ചിരുന്ന ദൈവശാസ്ത്ര തർക്കങ്ങൾക്കൊന്നും കേരളീയസമൂഹത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നില്ല. എന്നാൽ പോർട്ടുഗീസുകാരുടെ വരവും പിന്നീടുണ്ടായ സംഭവങ്ങളും കേരളീയ ക്രൈസ്തവസമൂഹത്തിൽ ആഴത്തിലുള്ള മുറിവുണ്ടാക്കി. ആ മുറിവിന്റെ പുസ്തകമാണ് വർത്തമാനപ്പുസ്തകം. എന്നിട്ടും അതിന് സാഹിത്യപദവി ലഭിച്ചില്ല എന്നതാണ് വിചിത്രമായ കാര്യം.

യഥാർത്ഥത്തിൽ ചമ്പുക്കളിലോ സന്ദേശകാവ്യങ്ങളിലോ ജീവിതഗന്ധിയായി ഒന്നും ഉണ്ടായിരുന്നില്ല. അവയെല്ലാം എഴുതിയ വർഗ്ഗത്തെക്കുറിച്ച് പി.കെ. ബാലകൃഷ്ണൻ പറയുന്നു: 'സ്വന്തം ഇല്ലത്തെ പുറന്തളങ്ങളിൽ മാത്രം ഒറ്റയ്ക്ക് അന്തിയുറങ്ങാമായിരുന്ന ഇവർക്ക് ചുമതലകളുണ്ടായിരുന്നില്ല. പ്രാരബ്ധഭീതി അവരെ തൊട്ടുതീണ്ടേണ്ട കാര്യവുമുണ്ടായിരുന്നില്ല. അങ്ങനെ ക്ഷേത്രങ്ങളോടും കോവിലകങ്ങളോടും ബന്ധിച്ച മഠങ്ങളിലും മറ്റും കൂട്ടംകൂടി, രാത്രിയിലെ ബാന്ധവസംഗമത്തിലേക്ക് അക്ഷമയോടെ ഉറ്റുനോക്കി വെടിപറഞ്ഞ് പകൽ പോക്കുക ഇവരുടെ ജീവിതകർമ്മമായി മാറി.' ഇക്കൂട്ടത്തിൽ പലരും സംസ്കൃതപണ്ഡിതന്മാരായിരുന്നു. അവരാണ് ഒരു കമ്പത്തിന്റെ പുറത്ത് മണിപ്രവാളകവനത്തിന് തുനിഞ്ഞിറങ്ങിയത്. കുടുംബമോ പ്രണയമോ ഇല്ലാതിരുന്ന ഈ അഭിജാതസമൂഹത്തിന്റെ ജീവിതം തീർത്തും അനുഭവരഹിതമായ ഒന്നായിരുന്നു. പ്രത്യേകിച്ച് ഒന്നും സംഭവിക്കാത്ത ഒരേ നിരപ്പിലുള്ള ജീവിതം.

നമ്പൂതിരിയുടെ നാൾവഴിപ്പുസ്തകത്തെക്കുറിച്ചുള്ള ഫലിതംതന്നെയാണ് ഇതിനുള്ള സാധൂകരണം. ആദ്യത്തെ ദിവസം നമ്പൂതിരി താൻ ചെയ്ത കാര്യങ്ങളൊക്കെ രേഖപ്പെടുത്തി. 'എഴുന്നേറ്റു, കുളിച്ചു, പ്രാതല് കഴിച്ചു, നടന്നു, ഊണുകഴിച്ചു, ഉറങ്ങി, മുറുക്കി, കാപ്പി കുടിച്ചു, വെടിപറഞ്ഞിരുന്നു, കുളിച്ചു, സന്ധ്യാവന്ദനം കഴിച്ചു, അത്താഴം കഴിച്ചു, ഉറങ്ങി.' തുടർന്നുവരുന്ന ദിവസങ്ങളിൽ പ്രത്യേകിച്ചൊന്നും സംഭവിക്കാനില്ലാത്തതുകൊണ്ട് നമ്പൂതിരി നേരത്തെകൂട്ടി 'ഡു' എന്ന് എല്ലാ പേജിലും കുറിച്ചുവെച്ചു. അത്ര ദരിദ്രമായിരുന്നു

ആ ജീവിതം! എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായിരുന്നു കേരളത്തിലെ ക്രിസ്ത്യാനികളുടെ ജീവിതം. അത് സംഭവബഹുലമായിരുന്നെന്ന് നേരത്തേ പറഞ്ഞ ലഘുവിവരണത്തിൽനിന്ന് ബോദ്ധ്യപ്പെടുമല്ലോ. ഇളകിമറിയുന്ന ആ പശ്ചാത്തലത്തിൽ വായിച്ചാൽ മാത്രമേ വർത്തമാനപ്പുസ്തകത്തിന്റെ സാഹിതീയത ബോദ്ധ്യപ്പെടൂ.

## നാല്

വർത്തമാനപ്പുസ്തകം: ബഹുമാനങ്ങൾ എന്ന ഈ കൃതി, ജോസ് ജോർജ് പിഎച്ച്. ഡി. ബിരുദത്തിനു സമർപ്പിച്ച ഗവേഷണപ്രബന്ധത്തിന്റെ പുസ്തകരൂപമാണ്. ഗവേഷണപ്രബന്ധം പൂർണ്ണമായും വായിച്ച ഒരാൾ എന്ന നിലയിലാണ് ഞാൻ ഇത്തരമൊരു കൃത്യത്തിന് മുതിരുന്നത്. പുസ്തകം പരിചരിക്കുന്ന പ്രമേയത്തിൽ എനിക്ക് വലിയ അവഗാഹമില്ല. എങ്കിലും വർത്തമാനപ്പുസ്തകത്തെക്കുറിച്ച് സാമാന്യമായി മനസ്സിലാക്കിയ കാര്യങ്ങൾ എത്രയോ പരിമിതമാണെന്ന് ഈ പഠനം തെര്യപ്പെടുത്തുന്നു. ആ ബോദ്ധ്യത്തിന്റെ പശ്ചാത്തലമാണ് ഇതുവരെ വിശദീകരിച്ചത്.

വർത്തമാനപ്പുസ്തകത്തിന്റെ പരിസ്ഥിതി, വർത്തമാനപ്പുസ്തകം: ചരിത്രവും രാഷ്ട്രീയവും, വർത്തമാനപ്പുസ്തകം: ഒരു യാത്രാവിവരണം, സമകാലിക കർത്തൃത്വസങ്കല്പനവും വർത്തമാനപ്പുസ്തകവും എന്നിങ്ങനെ നാല് അദ്ധ്യായങ്ങളിലായി പുസ്തകത്തിന്റെ ഉള്ളടക്കം ക്രോഡീകരിച്ചിരിക്കുന്നു. പല പ്രാചീനകൃതികളുടെയും കർത്താക്കളെക്കുറിച്ച് നമുക്കു വ്യക്തമായ സൂചനകളില്ല. എന്നാൽ വർത്തമാനപ്പുസ്തകം ഇത്തരം ആശങ്കകളൊന്നും അവശേഷിപ്പിച്ചിട്ടില്ല. ഗ്രന്ഥകർത്താവ് പാറമ്മാക്കൽ തോമ്മാക്കത്തനാരാണെന്നതിന് പുസ്തകത്തിൽ വേണ്ടുവോളം തെളിവുകളുണ്ട്. വർത്തമാനപ്പുസ്തകത്തിന്റെ മൂന്നിലൊന്നു ഭാഗം മാത്രമേ യാത്രാവിവരണത്തിനായി നീക്കിവെച്ചിട്ടുള്ളൂ. 78 അദ്ധ്യായങ്ങളുള്ള കൃതിയിൽ വലിയൊരുഭാഗം സഭാചരിത്രവും സ്വയംഭരണത്തിനുള്ള നസ്രാണികളുടെ സ്വാതന്ത്ര്യസമരവും മതകൊളോണിയലിസവും പ്രാചീന മതസംവിധാനങ്ങളും മറ്റുമാണ് ചർച്ചചെയ്യുന്നത്.

ആദ്യ അദ്ധ്യായത്തിൽ വർത്തമാനപ്പുസ്തകത്തെ വിശദമായി പരിചയപ്പെടുത്തുന്നു. പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതിയുടെ വ്യാപനവും പ്രസാധനവും ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. പ്രൊപ്പഗാന്താ മിഷനറിമാരുടെ പ്രവർത്തനങ്ങളെ വിമർശിച്ചതുകൊണ്ട് ഇതു നിരോധിതപുസ്തകങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടു. അതുകൊണ്ടാണ് ഈ പുസ്തകത്തിന്റെ പ്രസാധനം ഏറെ വൈകിയത്. വർത്തമാനപ്പുസ്തകത്തിന് ഒരു രണ്ടാം ഭാഗമുണ്ടെന്നു വിശ്വസിക്കുന്നവരുണ്ട്. എന്നാൽ അതിന് ഉപോൽബലകമായ തെളിവുകളില്ലെന്ന് ഗ്രന്ഥകാരൻ പറയുന്നു. നിലവിലുള്ള പ്രമാണങ്ങളുടെ വെളിച്ചത്തിൽ കണ്ടുകിട്ടിയ വർത്തമാനപ്പുസ്തകം പൂർണ്ണമാണെന്ന് തെളിയിക്കാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. തനിക്കുമുമ്പ് ഈ മേഖലയിൽ നടന്ന പഠനങ്ങളുടെ ക്രോഡീകരണമാണ് 'വർത്തമാനപ്പുസ്തകവും മലയാള ഗദ്യവും'

എന്ന ഭാഗം. ഈ പുസ്തകത്തിന്റെ മുഖ്യപ്രമേയവുമായി നേരിട്ടുബന്ധമില്ലെങ്കിലും, വർത്തമാനപ്പുസ്തകത്തിലെ ഭാഷയുടെ സവിശേഷതകൾ അക്കമിട്ട് നിരത്താനും ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നതു കാണാം. പദങ്ങൾ, വ്യാകരണം, ശൈലി എന്നീ വിഷയങ്ങളെല്ലാം ഈ ഖണ്ഡത്തിൽ ചർച്ചചെയ്യുന്നു.

വർത്തമാനപ്പുസ്തകത്തിന്റെ രചനയ്ക്ക് കാരണമായ യാത്രയുടെ പശ്ചാത്തലം വിവരിക്കുന്നതാണ് രണ്ടാമദ്ധ്യായം. 17-ാം നൂറ്റാണ്ടിലെ സഭാ ചരിത്രം വളരെ വിശദമായി ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. ദ്രൊവാദോ, പ്രൊപ്പഗാന്താ എന്നീ വിദേശ മിഷനറിസംഘങ്ങൾ കേരളീയ ക്രിസ്തീയജീവിതത്തിൽ സൃഷ്ടിച്ച പ്രതിസന്ധികളാണ് ഇതിന്റെ ഉള്ളടക്കം. കർമ്മലീത്താ മിഷനറിമാർ നാട്ടുക്രിസ്ത്യാനികളോടു കാണിച്ച അനീതിയും അതിനോടുള്ള അവരുടെ പ്രതിഷേധവും കേരളസഭാചരിത്രത്തിലെ നടുക്കുന്ന ഓർമ്മകളാണ്. ഉദയംപേരൂർ സൂനഹദോസ് വാസ്തവത്തിൽ, ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കൊളോണിയൽ യുക്തിയുടെ പ്രയോഗംതന്നെയായിരുന്നു. നാട്ടു ക്രിസ്ത്യാനികളുടെ സഭാകാര്യങ്ങൾ നോക്കിനടത്താനുള്ള പുരോഹിതന്മാരെ തങ്ങൾക്കിടയിൽ നിന്നുതന്നെ കണ്ടെത്തണമെന്ന മലങ്കര സഭയുടെ ആവശ്യം വാസ്തവത്തിൽ മതകോളനീകരണത്തിനെതിരെ നടന്ന പ്രതിരോധമായിരുന്നെന്ന് ഗ്രന്ഥകർത്താവ് വിലയിരുത്തുന്നു. ഈ ആവശ്യം നിവർത്തിച്ചുകിട്ടുന്നതിനുവേണ്ടിയാണ് മലങ്കര സഭയുടെ പ്രതിനിധികൾ എന്ന നിലയ്ക്ക് കരിയാറ്റി മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും റോമിലെത്തി മാർപാപ്പായെ കാണാൻ തീരുമാനിച്ചത്. മലങ്കരസഭയുടെ ഈ തീരുമാനത്തിലേക്കെത്തിച്ച സംഭവഗതികളുടെ നാൾവഴിയാണ് രണ്ടാമദ്ധ്യായം മുഴുവൻ.

മൂന്നാമദ്ധ്യായം വർത്തമാനപ്പുസ്തകത്തെ ഒരു യാത്രാവിവരണകൃതി എന്ന നിലയ്ക്ക് വിലയിരുത്തുന്നു. മതപരമായ ദൗത്യം നിറവേറ്റാൻ ഒരു സംഘം നിർവ്വഹിക്കുന്ന യാത്രയായതിനാൽ, യാത്രികർക്ക് സന്ദർശനസ്ഥലങ്ങൾ സ്വേച്ഛയാ തെരഞ്ഞെടുക്കാൻ കഴിയില്ല. കണ്ണിൽപ്പെടുന്ന കാഴ്ചകളും വന്നുചേരുന്ന അനുഭവങ്ങളും വർണ്ണിക്കുകയാണ് അവർ ചെയ്യുന്നത്. എന്നാൽ ഈ അനുഭവങ്ങളോടുള്ള സത്യസന്ധവും ആത്മനിഷ്ഠവുമായ പ്രതികരണമാണ് വർത്തമാനപ്പുസ്തകത്തെ ഒരു യാത്രാവിവരണകൃതി എന്ന നിലയ്ക്കു ശ്രദ്ധേയമാക്കുന്നത്. കാഴ്ചയ്ക്കിടയിൽ കടന്നുവരുന്ന വ്യക്തികളും അവരുടെ സ്വഭാവസവിശേഷതകളും വർണ്ണിക്കപ്പെടുന്നുണ്ട്. യുക്തിഭദ്രവും സംവാദാത്മകവുമാണ് വർത്തമാനപ്പുസ്തകത്തിലെ അവതരണശൈലി എന്ന് ഗ്രന്ഥകർത്താവ് കണ്ടെത്തുന്നു. മലങ്കരസമുദായവും കരിയാറ്റി യൗസേപ്പ് മല്പാനും കയത്താനോസ് പാതിരിയുമെല്ലാം ഈ യാത്രാവിവരണത്തിലെ കഥാപാത്രങ്ങളാണ്.

അവസാനത്തെ അദ്ധ്യായത്തിൽ കർത്തൃത്വം എന്ന സങ്കല്പനം വിശദീകരിച്ച് വർത്തമാനപ്പുസ്തകത്തിലെ ആഖ്യാതാവിന്റെ കർത്തൃത്വത്തെ വിശകലനംചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്. പാഠം, കൃതി, വായന, കർത്തൃത്വം എന്നിവയെ പ്രതി സമകാലചിന്തയിലുണ്ടായ പുത്തനാശയങ്ങളാണ് വിശക

ലനത്തിനാധാരം. സാർവ്വലൗകികമായ ക്രിസ്തുമതാ ദർശങ്ങൾക്കകത്തു നിൽക്കുന്ന ഇന്ത്യക്കാരനും മലയാളിയുമായ ഒരാഖ്യാതാവിനെ കണ്ടെടുക്കുകയാണ് ജോസ് ജോർജ്. ഇവയ്ക്കു പുറമേ ആധുനിക ചരിത്രകാരൻ എന്നൊരു കർത്തൃപദവികൂടി തോമ്മാക്കത്തനാർക്കുണ്ടെന്നാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്.

സമകാല ജ്ഞാനപരിസരത്തിൽവെച്ച് ഒരു പഴയ കൃതി വായിക്കുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ സവിശേഷത. കേരളത്തിലെ ഒരു സാമൂഹികവിഭാഗത്തിന്റെ അതിജീവനചരിത്രമാണ് വർത്തമാനപ്പുസ്കമെന്നു തെളിയിക്കാൻ ഗ്രന്ഥകാരനു കഴിഞ്ഞിരിക്കുന്നു. ഇതു തീർച്ചയായും സമകാല സംസ്കാരപഠനങ്ങളിൽ നാം കാണുന്ന രാഷ്ട്രീയജാഗ്രതതന്നെയാണ്. എല്ലാ ഉറവിടങ്ങളിൽനിന്നും മൗലികമായ വിവരങ്ങൾ ശേഖരിച്ച് ഗ്രന്ഥരചന നടത്തുന്നതിലും ഈ കൃതി വിജയിച്ചിട്ടുണ്ട്. ശാസ്ത്രീയഗവേഷണത്തിന്റെ എല്ലാ മികവും അവകാശപ്പെടാവുന്ന രചനയാണിത് വർത്തമാനപ്പുസ്തകത്തിന്റെ ലഭ്യമായ പകർപ്പുകളും കൈയെഴുത്തുപ്രതികളും ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. ഇത്തരം രേഖകളൊന്നും സാമാന്യമായി മലയാള സാഹിത്യചരിത്രത്തിൽ ഇടംനേടാത്തവയാണ്. അവയെ പുറത്തെത്തിച്ച് അടയാളപ്പെടുത്തുന്നു എന്നതാണ് ഈ പഠനത്തിന്റെ വലിപ്പവും പ്രാധാന്യവും.

## അഞ്ച്

എതിർപ്പിന്റെയും വിയോജിപ്പിന്റെയും പുസ്തകമാണ് വർത്തമാനപ്പുസ്തകം. അക്കാലത്ത് ജനാധിപത്യം മലയാളിയുടെ നിത്യജീവിതത്തിൽ പ്രവർത്തിച്ചിരുന്നില്ല എന്നോർക്കുമ്പോഴാണ് ഈ പുസ്തകത്തിന്റെ പ്രസക്തി മനസ്സിലാക്കാൻ കഴിയുക. ആധുനികപൂർവ്വസമൂഹം അടിമ/ഉടമ, ജന്മി/കുടിയാൻ തുടങ്ങിയ ദ്വന്ദ്വവൈരുധ്യങ്ങളാൽ നിർമ്മിക്കപ്പെട്ടതായിരുന്നു. അത്തരമൊരു സമൂഹത്തിൽ അധികാരമുള്ളവർക്കു മാത്രമേ വിയോജിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ, ആധുനികസമൂഹത്തിൽ (ദേശീയസമൂഹത്തിൽ) പൗരജനതയും ദേശരാഷ്ട്രവും തമ്മിലാണ് അടിസ്ഥാനപരമായ വൈരുദ്ധ്യം. എന്നാൽ ഈ സമൂഹത്തിൽ രാഷ്ട്രത്തിലെ ഓരോ പൗരനും/പൗരിക്കും എതിർക്കാനും വിയോജിക്കാനും അവകാശമുണ്ട് (സിദ്ധാന്തപരമായെങ്കിലും). അവിടെ വ്യക്തികളുടെ വംശ/ജാതി/ലിംഗ വ്യത്യാസങ്ങൾ പ്രസക്തമല്ല. ആയതിനാൽ ആധുനികസമൂഹത്തിലെ ജനാധിപത്യസങ്കല്പം മതനിരപേക്ഷമാണെന്നു പറയാം.

ആധുനികസമൂഹത്തിൽ കാണുന്നതുപോലെ ശക്തമല്ലെങ്കിലുംആധുനികപൂർവ്വ സമൂഹത്തിലും വിയോജിപ്പിന്റെ സംസ്കാരമുണ്ടായിരുന്നു. വിയോജിപ്പിന്റെ സംസ്കാരത്തിൽനിന്നാണ് എല്ലാ നാഗരികതകളും ഉയർന്നു വന്നിട്ടുള്ളത്. അപരത്തിന്റെ സാന്നിദ്ധ്യമാണ് വിയോജിപ്പിന്റെ സാദ്ധ്യത സൃഷ്ടിക്കുന്നത്. അതാകട്ടെ ആത്മപ്രതിഫലനാത്മകമായി ചിന്തിക്കാൻ പ്രേരണയാ

കുന്നു. അതാണ് വർത്തമാനപ്പുസ്തകത്തിൽ വിവരിക്കുന്നത്. മാർത്തോമാ ക്രിസ്ത്യാനികളുടെ മെത്രാൻ ഗോവയിലെ മെത്രാന്റെ കീഴിൽ വരണമെന്ന് വന്നപ്പോഴാണ്, അതുവരെയും സ്വന്തക്കാരായി കരുതിയിരുന്ന പോർട്ടുഗീസുകാർതങ്ങൾക്കുമേൽ അധിനിവേശം നടത്തുന്നുണ്ടെന്ന് കേരളീയക്രൈസ്തവർക്കു ബോധ്യപ്പെട്ടത്. അതോടെ പോർട്ടുഗീസുകാർ അരമായിത്തീരുകയും, തങ്ങളാരാണെന്ന് കേരളത്തിലെ ക്രൈസ്തവർ സ്വയം നിർവ്വചിക്കാൻ പ്രേരിപ്പിക്കപ്പെടുകയും ചെയ്തു. പാശ്ചാത്യം/തദ്ദേശം എന്ന വൈരുദ്ധ്യത്തിലേക്ക് അവർ പ്രവേശിച്ചു. അതായത് 'കൊളോണിയൽ അപരം' പലതരത്തിലാണ് നമ്മുടെ ദേശത്തെ ജനങ്ങളുടെ അനുഭവമായിത്തീർന്നതെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

ആത്മത്തിന്റെ ഉണ്മയെ അസ്ഥിരമാക്കുന്ന തരത്തിലുള്ള ചോദ്യങ്ങൾ ഒരു വിഭാഗമോ വ്യക്തിയോ ഉന്നയിക്കുമ്പോഴാണ് അതിനെ അപരമായി കണക്കാക്കുന്നത്. കണ്ണിന്ന് കണ്ണായ കണ്ണാണ് (നാരായണഗുരു) ആത്മം; അതായത് ഇന്ദ്രിയങ്ങളിലൂടെയുണ്ടാകുന്ന 'ഞാൻ'(അതിനെ അഹം എന്നു പറയാം) എന്ന അറിവിനെ വിമർശാത്മകമായി സമീപിക്കാനുള്ള ശേഷിയാണ് ആത്മം. ഞാൻ (ഞങ്ങൾ)എന്നതിനെ അസ്ഥിരപ്പെടുത്തിക്കൊണ്ട് അപരം സന്നിഹിതമാകുമ്പോഴാണ് നാം ആത്മത്തെക്കുറിച്ചു ബോധമുള്ളവരാകുന്നത്. അതായത്, അപരത്തിന്റെ പ്രകോപനമാണ് ആത്മത്തിലേക്കുള്ള വഴി തുറക്കുന്നതെന്നു ചുരുക്കം. അപരം എല്ലായ്പ്പോഴും ശത്രുവാകണമെന്നില്ല. എന്നാൽ ആത്മ-പരബന്ധത്തിൽ അടിമ-ഉടമ ബന്ധം പ്രവർത്തിക്കുന്നുണ്ടെന്നറിയുന്ന നിമിഷം അത് അപരവുമായി സംഘർഷത്തിൽ വരും. ഈ സംഘർഷാത്മകബന്ധം ആത്മത്തെ അടുത്തറിയാൻ ഒരു വ്യക്തിയെ/ ഒരു ജനതയെ സഹായിക്കുന്നു. അതാണ് ഉദയംപേരൂർ സൂനഹദോസിൽ കണ്ടത്.

അധികാരബന്ധങ്ങൾക്കകത്താണ് സ്വം/പരം എന്ന ദ്വന്ദ്വം രൂപപ്പെടുന്നത്. അധികാരത്തിലുള്ളവർ അതിനു കീഴ്പ്പെട്ടവരെ അപരമായി കല്പിക്കുന്നു. പോർട്ടുഗീസുകാർ തദ്ദേശീയരെ തങ്ങളേക്കാൾ ദുർബ്ബലരായി കണ്ടപ്പോഴാണ് ഈ ദ്വന്ദ്വഭാവം ക്രിസ്ത്യൻ സമൂഹത്തിൽ രൂപപ്പെട്ടത്. കേരളത്തിലെ ക്രിസ്തുമതം അതിന്റെ അനൗപചാരികമായ മാർഗ്ഗങ്ങളിലൂടെ സ്വച്ഛന്ദം സഞ്ചരിച്ചുകൊണ്ടിരുന്നതിനിടയിലാണ് പോർട്ടുഗീസ് അധിനിവേശം സംഭവിക്കുന്നത്. പോർട്ടുഗീസുകാർ കേരളീയ ക്രൈസ്തവജീവിതത്തെ കൂടുതൽ ഔപചാരികമാക്കാനും സ്ഥാപനവത്കരിക്കാനും ശ്രമിച്ചു. ഇത് കേരളത്തിലെ ക്രൈസ്തവരെ അപരവത്കരിക്കുന്നതിലേക്കാണ് നയിച്ചത്.

സംസ്കാരങ്ങൾക്ക് ഒരിക്കലും ശുദ്ധമായിരിക്കാൻ കഴിയില്ല. അവയിൽ എല്ലായ്പ്പോഴും കലർപ്പുണ്ടാകും. കലർപ്പിനെ ദൂരീകരിക്കാനും കേരളത്തിലെ ക്രൈസ്തവരെ ബലപ്രയോഗത്തിലൂടെ ഏകാത്മകസംസ്കൃതിയിലേക്കു കൊണ്ടുവരാനുമുള്ള ശ്രമമാണ് പോർട്ടുഗീസുകാർ നടത്തിയത്. ഏതൊരു മതത്തിനും ഭിന്നാത്മകമായ ആവിഷ്കാരസാദ്ധ്യതകളുണ്ടെന്ന പ്രാഥമിക വസ്തുത അവർ അട്ടിമറിച്ചു. ഇത് വിയോജിപ്പിന്റെ പാഠങ്ങൾ മലയാളിയെ

പഠിപ്പിക്കാനിടയാക്കി. ജനാധിപത്യം എന്ന ആശയത്തിലേക്ക് വെട്ടിയ പുതു വഴിയാണ് വർത്തമാനപ്പുസ്തകം.

വേദകാലത്തെ ദാസസമൂഹവും പിൽക്കാലത്ത് ശ്രമണരും പിന്നീട് സൂഫികളും ദേശീയതയുടെ കാലത്ത് ഗാന്ധിയൻ സത്യഗ്രഹവും എപ്രകാരമാണ് വിയോജിപ്പിന്റെ സംസ്കാരം വളർത്തിയെടുത്തതെന്ന് റോമിലാ ഥാപ്പർ വിശദീകരിക്കുന്നുണ്ട് (Romila Thapar 2020 Voices of Dissent: An Essay, Seagull, Culcutta). വാസ്തവത്തിൽ ഇതിനു സമാനമായ അനുഭവമായിരുന്നു കൂനൻകുരിശുസത്യം. വിയോജിപ്പിന്റെ സംസ്കാരമാണ് ജനാധിപത്യത്തിന്റെ അടിത്തറയായി മാറിയത്. ആയതിനാൽ മലയാളിയെ ജനാധിപത്യവത്കരിച്ചതിൽ ഉദയംപേരൂർ സൂനഹദോസിനും തുടർന്നുണ്ടായ സംഭവങ്ങൾക്കും വലിയ പങ്കുണ്ട്. അതുകൊണ്ടുതന്നെ കേരളീയാധുനികതയുടെ പാഠപുസ്തകത്തിലെ ഒരദ്ധ്യായമാണ് വർത്തമാനപ്പുസ്തകം.

ക്രിസ്ത്യൻ ജീവിതത്തെയും പാഠങ്ങളെയും സംസ്കാരപഠനത്തിന്റെ വിപുലമായ മേഖലയിലേക്ക് നയിച്ചതിൽ പ്രൊഫ. സ്കറിയ സക്കറിയയ്ക്കുള്ള പങ്ക് നിസ്തുലമാണ്. അദ്ദേഹം തുടങ്ങിവെച്ച ഗവേഷണപദ്ധതിയുടെ തുടർച്ചയിലാണ് ഡോ. ജോസ് ജോർജ്ജിന്റെ പഠനവും നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ഇത് മലയാളസാഹിത്യ ചരിത്രവിജ്ഞാനീയത്തിലെ പ്രധാനപ്പെട്ട ഒരിടപെടലാണ്. തീർച്ചയായും ഈ കൃതി ശ്രദ്ധിക്കപ്പെടുകതന്നെ ചെയ്യും.